# A Special Song For World Sunday School Day
# Titled 'Njayarazhcha Pallikkudam'

ഞായറാഴ്ച പള്ളിക്കൂടത്തിൽ, ഞങ്ങളെന്നും പോയീടുമേ
ആത്മീയ ഭോജനത്താൽ, ആത്മീയരായ് വളരുവാൻ

Chorus:
സൺഡേസ്കൂൾ ദിനമിന്ന് , സൺഡേസ്കൂൾ ദിനം
സത്യപാതയിൽ നയിക്കും സൺഡേസ്കൂൾ ദിനം (2)
അഖിലലോക രക്ഷകനാം ക്രിസ്തുവിന്റെ പാദത്തിൽ
അണയുന്നീ അഖിലലോക സൺഡേസ്കൂൾ ദിനേ (2)

1. പാപത്തിനിമ്പമുള്ള ലോകയാത്രയിൽ, പാപം ചെയ്യാതെ ജീവിക്കുവാൻ
   ദൈവീക വചനം ഹൃദയത്തിൽ ഗ്രഹിച്ച്, ദൈവീകമാം വഴിയിൽ പോയിടുമേ (2) **Chorus**

2. ബാലകനാം ശമുവേലെ പോലെയെന്നും, ബാല്യംമുതൽ ദൈവഭക്തരായീടാൻ (2)
   അരുളിച്ചെയ്യണേ ദിവ്യമാം മൊഴികളെ, അങ്ങയുടെ മഹിമകണ്ട സാക്ഷികളാലെ (2) **(Njaya)**

3. ദൈവഭൃത്യൻ റോബർട്ട് റെയ്ക്സ് ഇംഗ്ലണ്ടിൽ, ദൈവത്തിനായ് നല്ല വേലതികച്ചു. (2)
   പ്രാർത്ഥനയാൽ സുവിശേഷം ഘോഷിപ്പാൻ, പ്രാപ്തി നൽകണേ ആത്മനൽവരങ്ങളാൽ (2)
   **(Chorus)**

4. വീണ്ടെടുപ്പിൻ കാലമിങ്ങടുത്തുപോയല്ലോ, വീണ്ടും വരും നാഥനായൊരുങ്ങേണം (2)
   വിശ്വസ്ത ദാസരെന്ന വിളികേൾക്കുവാൻ,വിശ്വസ്ത കർത്തനേ കരുണയേകുക (2) **Chorus**

---

രചന, സംഗീതം- സിറിൽ വിൽസൺ

**SPECIAL THANKS TO - REV: NYNU ACHEN**

**INSPIRED INFLUENCE FROM - SUNDAY SCHOOL SAMAJAM**